പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2022 | 01.02.2018 ൽ മറുപടിക്ക്

## വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു : | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിലുൾപ്പെടുന്ന 159 ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനത്തിനായി പൊതുമരാമത്ത് വകുപ്പ് കേന്ദ്രഗതാഗത മന്ത്രാലയത്തോട് സഹായമഭ്യർത്ഥിച്ചിട്ടുണ്ട്. ഇതരപാതകളിൽപെടുന്ന 116 എണ്ണത്തിൽ മുൻഗണനാക്രമം നൽകി 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന – പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി വരുന്നു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകട നിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | അമിതവേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുമുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടു വരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന – പോലീസ് വകുപ്പുകൾ സ്വീകരിച്ചു വരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. കഴക്കൂട്ടം - അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട് " നടപ്പിൽ വരുത്തുന്നതിനു വേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി. യ്ക്ക് നൽകി വരുന്നു.തേർഡ് പാർട്ടി ഇൻഷുറൻസ് പുതുക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുകയും ഇൻഷുറൻസ് പുതുക്കുന്ന മുറയ്ക്ക് വിട്ടു നൽകുകയും ചെയ്തു വരുന്നു.<br>അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2018 ന് ശേഷം നടന്ന വാഹനാപകടങ്ങൾ | (ബി) 2017 ഡിസംബർ വരെയുള്ള സ്ഥിതിവിവരക്കണക്കു മാത്രമേ ലഭ്യമായിട്ടുള്ളൂ. |

| | | |
|---|---|---|
| | എത്രയെന്നും അതിൽ എത്ര പേർ മരണപ്പെട്ടെന്നും വിശദമാക്കുമോ; | |
| (സി) | മതിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) വാഹന പരിശോധനാ സമയത്ത് മതിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ